**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 3414** **24.06.2013-ൽ മറുപടിക്ക്.**

**ഹോംഗാർഡുകളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്താകെ ഇപ്പോൾ എത്ര ഹോംഗാർഡുകൾ ജോലി ചെയ്യുന്നുണ്ട് എന്ന വിവരം ലഭ്യമാക്കുമോ ; | : (എ) 3000 |
| (ബി) ജില്ലയും സ്റ്റേഷനും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | : (ബി) ഹോം ഗാർഡുകളുടെ സ്റ്റേഷൻ തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ഹോംഗാർഡുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു: |

| | |
|---|---|
| തിരുവനന്തപുരം | 400 |
| കൊല്ലം | 200 |
| പത്തനംതിട്ട | 100 |
| ആലപ്പുഴ | 200 |
| കോട്ടയം | 200 |
| എറണാകുളം | 400 |
| കണ്ണൂർ | 200 |
| ഇടുക്കി | 100 |
| തൃശ്ശൂർ | 200 |
| പാലക്കാട് | 200 |
| മലപ്പുറം | 200 |
| വയനാട് | 100 |
| കോഴിക്കോട് | 400 |
| കാസർഗോഡ് | 100 |

| | |
|---|---|
| (സി) ഹോം ഗാർഡുകൾക്ക് വേതനവും മറ്റ് ആനുകൂല്യ-ങ്ങളും ഉൾപ്പെടെ പ്രതിദിനം എത്ര രൂപയാണ് നൽകുന്നത്; അവരുടെ ഡ്യൂട്ടി സമയം എത്രയാണ് എന്ന് വ്യക്തമാക്കുമോ; | : (സി) ഹോംഗാർഡുകൾക്ക് ദിവസവേതനമായി ഒരാൾക്ക് 350/-രൂപ വീതം നൽകുന്നു. അവർക്ക് പ്രത്യേകിച്ച് ഡ്യൂട്ടി സമയം നിശ്ചയിച്ചിട്ടില്ല. അവരുടെ മേലധികാരിയുടെ നിർദ്ദേശം അനുസരിച്ച് ഡ്യൂട്ടി നിർവ്വഹിക്കേണ്ടതാണ്. |

(മറുപുറം)

(ഡി) ഹോംഗാർഡുകളുടെ ദിവസശമ്പളം സിവിൽ പോലീസ് ആഫീസറുടെ ശമ്പളത്തേക്കാൾ എത്ര കുറവാണ് എന്ന് വ്യക്തമാക്കുമോ ;

: (ഡി) സിവിൽ പോലീസ് ഓഫീസർമാർ സർക്കാർ ജീവനക്കാരാണ്. അവർക്ക് സർക്കാർ ശമ്പള സ്കെയിലുകൾ അനുവദിച്ചിട്ടുണ്ട്. അതനുസരിച്ച് ഓരോരുത്തർക്കും വ്യത്യസ്ത രീതിയിൽ ശമ്പളം നൽകുന്നു. എന്നാൽ ഹോം ഗാർഡുകൾ സർക്കാർ ജീവനക്കാരല്ല.

(ഇ) ഹോം ഗാർഡുകളുടെ പ്രവർത്തനം വിലയിരുത്താനും അവരുടെ വേതനം വർദ്ധിപ്പിക്കുവാനും നടപടിയെടുക്കുമോ ;

: (ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഹോം ഗാർഡുകളുടെ നിയമന യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ?

: (എഫ്) 1) ഹോം ഗാർഡുകളുടെ നിയമന യോഗ്യത എസ്.എസ്.എൽ.സി. പാസ്സാണ്. (എസ്.എസ്.എൽ.സി. പാസ്സായവരുടെ അഭാവത്തിൽ എസ്.എസ്.എൽ.സി. പാസ്സാകാത്തവരേയും പരിഗണിക്കുന്നു.

2) ആർമി, നേവി, എയർഫോഴ്സ്, ബി.എസ്.എഫ്., സി.ആർ.പി.എഫ്., സി.ഐ.എസ്.എഫ്., എൻ.എസ്.ജി., എസ്.എസ്.ബി., ആസ്സാം റൈഫിൾസ്, തുടങ്ങിയ സൈനിക/അർദ്ധ സൈനിക വിഭാഗങ്ങളിൽ നിന്നും, കേരള പോലീസ്, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, ഫോറസ്റ്റ്, ജയിൽ എന്നീ വകുപ്പുകളിൽ നിന്നും വിരമിച്ചവർ.

3) പ്രസ്തുത വിഭാഗത്തിൽ 35-നും 58-നും ഇടയിൽ പ്രായമുള്ളവരും നല്ല ശാരീരിക യോഗ്യതയുള്ളവരും ആയിരിക്കണം.

സെക്ഷൻ ഓഫീസർ